**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - കേരള ചിക്കൻ പദ്ധതി നടത്തിപ്പ് കുടുംബശ്രീയെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1410/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 08/07/2019**

---

പരാമർശം:- 1. 19.12.2018-ലെ കേരളചിക്കൻ പദ്ധതി നടത്തിപ്പ് യോഗതീരുമാനം

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13/2/20219-ലെ 3941/എച്ച്/2018/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

ഉത്തരവ്

കേരള ചിക്കൻ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പരാമർശം (1) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീയെ ചുമതലപ്പെടുത്തിക്കൊണ്ടു ഉത്തരവ് പുറപ്പെടുവിക്കണമെന്ന കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പരാമർശം (1)ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 'കേരള ചിക്കൻ' പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് കുടുംബശ്രീ മിഷന് അനുമതി നൽകി ഉത്തരവാകുന്നു. ബ്രഹ്മഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലും കെപ്കോയ്ക്ക് അവരുടെ നിലവിലെ ഔട്ട് ലെറ്റുകളിലൂടെയും "കേരള ചിക്കൻ" വിപണനം നടത്താവുന്നതാണ്. ഈ മൂന്നു ഏജൻസികൾക്കും അവരുടെ കോഴി ഇറച്ചി ഉല്പന്നങ്ങൾക്ക് "കേരള ചിക്കൻ" എന്ന പൊതു ബ്രാൻഡ് നെയിം ഉപയോഗിക്കുന്നതിനും അതിനു താഴെ ഉല്പാദിപ്പിക്കുന്ന ഏജൻസിയുടെ പേര് (കെപ്കോ/കുടുംബശ്രീ/ബ്രഹ്മഗിരി) രേഖപ്പെടുത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**വി. നാഗേന്ദ്രൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**